drkmmohamed@yahoo.co.in



ഡോ. കെ.എം. മുഹമ്മദ്

# മുഹ്‌യിദ്ദീന്‍ മാലയും ഖാദിമുഹമ്മദും

**മുഹ്‌യിദ്ദീന്‍ മാല രചിച്ചത് ഖാദി മുഹമ്മദാണെന്ന് കവിതയില്‍ ഒരിടത്തും പറയുന്നില്ല. കവിക്ക് ആവശ്യമുള്ള കാര്യങ്ങള്‍ സ്വന്തം കവിതകളില്‍ നിന്നും 'ബഹ്ജ കിതാബി'ല്‍ നിന്നും 'തക്മീല'യില്‍ നിന്നുമൊക്കെ ശേഖരിച്ചു കൊടുക്കുകയാണ് ഖാദി മുഹമ്മദ് ചെയ്തത്. ഖാദി മുഹമ്മദില്‍ നിന്ന് ലഭിച്ച എലമെന്റുകളെ മറ്റൊരു കവി സ്വന്തം വീക്ഷണങ്ങളുടെയും ഭാവനയുടെയും ഉടുപ്പണിയിച്ച് അവതരിപ്പിച്ചതാണ് മുഹ്‌യിദ്ദീന്‍ മാല.**

കോഴിക്കോട്ടുകാരനായ പണ്ഡിതവര്യന്‍ ഖാദി മുഹമ്മദാണ് മുഹ്‌യിദ്ദീന്‍ മാലയുടെ രചയിതാവെന്ന് കേരളീയര്‍ പണ്ട് മുതലേ വിശ്വസിച്ചുപോന്നു. 2007 ഡിസംബറില്‍ കൊണ്ടോട്ടിയില്‍ നടന്ന മുഹ്‌യിദ്ദീന്‍ മാലയുടെ 400-ാം വാര്‍ഷികപരിപാടിയില്‍ അവതരിപ്പിക്കപ്പെട്ട ചില പ്രബന്ധങ്ങള്‍ ആദ്യമായി ഈ ധാരണയെ ചോദ്യം ചെയ്തു. അത് പത്രമാധ്യമങ്ങളില്‍ ചര്‍ച്ചയാവുകയുമുണ്ടായി. ഈയിടെ മാപ്പിളപ്പാട്ട് ഗായകനും രചയിതാവുമായ വി.എം കുട്ടി *പ്രബോധന*ത്തില്‍ എഴുതിയ ലേഖനം, മുഹ്‌യിദ്ദീന്‍ മാലയുടെ കര്‍ത്താവ് ആരെന്ന ചര്‍ച്ച വീണ്ടും ഉയര്‍ത്തിയിരിക്കുകയാണല്ലോ. വി.എം കുട്ടിയുടെ നിരീക്ഷണങ്ങള്‍ക്കനുബന്ധമായി ചില അഭിപ്രായങ്ങള്‍ കുറിക്കുകയാണിവിടെ.



മുഹ്‌യിദ്ദീന്‍ മാല രചിച്ചത് ഖാദി മുഹമ്മദാണെന്ന് കവിതയില്‍ ഒരിടത്തും പറയുന്നില്ല. വി.എം കുട്ടി വ്യക്തമാക്കിയതുപോലെ കവിക്ക് ആവശ്യമുള്ള കാര്യങ്ങള്‍ സ്വന്തം കവിതകളില്‍ നിന്നും 'ബഹ്ജ കിതാബി'ല്‍ നിന്നും 'തക്മീല'യില്‍ നിന്നുമൊക്കെ ശേഖരിച്ചു കൊടുക്കുകയാണ് ഖാദി മുഹമ്മദ് ചെയ്തത്. ഖാദി മുഹമ്മദില്‍ നിന്ന് ലഭിച്ച എലമെന്റുകളെ മറ്റൊരു കവി സ്വന്തം വീക്ഷണങ്ങളുടെയും ഭാവനയുടെയും ഉടുപ്പണിയിച്ച് അവതരിപ്പിച്ചതാണ് മുഹ്‌യിദ്ദീന്‍ മാല. പണ്ഡിതവര്യനായ ഖാദി മുഹമ്മദിനെയും അദ്ദേഹത്തിന്റെ ഇതര കൃതികളെയും പഠിച്ചു നോക്കിയാല്‍ ഇക്കാര്യം ബോധ്യമാകും.

ഖാദി മുഹമ്മദിന്റേതായി അറിയപ്പെട്ട എല്ലാ കൃതികളും നല്ല അറബിഭാഷയിലാണ്. മുഹ്‌യിദ്ദീൻ മാല മാത്രമാണ് അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെടുന്ന മലയാള കൃതി. ഭാഷയിൽ മാത്രമല്ല, ഉള്ളടക്കത്തിലും ഈ കൃതി അദ്ദേഹം രചിച്ചിട്ടുള്ള ഒരു കൃതിയുമായും ഒട്ടും ചേർന്നുനിൽക്കുന്നില്ല.

അറബിഭാഷാ പണ്ഡിതനും തത്വചിന്തകനും കവിയുമായ ഖാദി മുഹമ്മദ് ഹി.980-ൽ കോഴിക്കോട്ടാണ് ജനിച്ചത്. ഖാദി അബൂബക്കർ ബ്നു റമദാൻ (ഹി.899), ഖാദി സൈനുദ്ദീൻ റമദാൻ, ഖാദി അബൂബക്കർ, ഖാദി അഹ്മദ് എന്നിവർ മുഖേന അദ്ദേഹത്തിന്റെ പരമ്പര മാലിക്ബ്നു ദീനാറിൽ ചെന്ന് ചേരുന്നു. അല്ലാമാ ഉഥ്മാൻ ലബ്ബ (കായൽ പട്ടണം) അല്ലാമാ അബ്ദുദുൽ ഖാദിർ ഹമദാനി, അല്ലാമാ മുഹമ്മദുൽ ഖാദിരി തുടങ്ങിയവർ അദ്ദേഹത്തിന്റെ ഗുരുനാഥരായിരുന്നു. അറബി ഭാഷക്ക് അദ്ദേഹം നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. വ്യാകരണം, തജ്‌വീദ്, തസ്വവ്വുഫ്, ആദ്ധ്യാത്മിക ശാസ്ത്രം തുടങ്ങി അറബി സാഹിത്യത്തിന്റെ വിവിധ ശാഖകളിൽ അദ്ദേഹം അതീവ താൽപര്യം പ്രകടിപ്പിക്കുകയുണ്ടായി. കോഴിക്കോട് ഖാദിയായ അദ്ദേഹം കുറ്റിച്ചിറയിലുള്ള വിശാലമായ ജുമുഅത്ത് പള്ളിയിൽ ദീർഘകാലം മുദർരിസായിരുന്നു. അദ്ദേഹത്തിന്റെ സുപ്രധാന കൃതികൾ താഴെ പറയുന്നു:

- الدّرة الفصيحة فى الوعظ والنصيحة
- القصيدة فى نصيحة الإخوان
- الفتح المبين في أخبار البر تغالين
- نظم قطر الندى
- منظومة فى علم الحساب
- منظومة فى تجويد القرآن
- منظومة فى علم الأفلاك
- منظومة فى الرسائل والخطوط
- نظم العوامل
- مقاصد النكاح
- الفرائض الملتقط
- القصيدة الجهادية
- إلى كم أيها الإنسان

അദ്ദേഹത്തിന്റെ രചനകളിൽ അറിയപ്പെട്ടിടത്തോളം നാലെണ്ണം മാത്രമാണ് പ്രസിദ്ധീകരിക്കപ്പെട്ടത്.

1. *അൽ ഫത്ഹുൽ മുബീൻ*(വ്യക്തമായ വിജയം). 573 ഈരടികളുള്ള ഈ കവിതയുടെ മുഴുവൻ പേര് 'അൽ ഫത്ഹുൽ മുബീൻ ലിസ്സാമൂരിയ്യില്ലദി യുഹിബ്ബുൽ മുസ്‌ലിമീൻ' (വ്യക്തമായ വിജയം-മുസ്‌ലിംകളെ സ്നേഹിക്കുന്ന സാമൂതിരിക്ക് സമർപ്പിക്കപ്പെട്ടത്). സ്പഷ്ടമായ വിജയം എന്നത് കൊണ്ടുള്ള വിവക്ഷ ചാലിയം യുദ്ധത്തിൽ സാമൂതിരിയുടെ നേതൃത്വത്തിൽ മുസ്‌ലിം-നായർ സങ്കര സേന പോർത്തുഗീസുകാർക്കെതിരെ നേടിയ വിജയമാണ്.

*ഫത്ഹുൽ മുബീ*ന്റെ ഭാഷയും ശൈലിയും അതീവ സുന്ദരമാണ്. ശുദ്ധപദങ്ങൾ, മർമത്തു കൊള്ളുന്ന പ്രയോഗങ്ങൾ, നർമത്തിൽ പൊതിഞ്ഞ പരിഹാസം, ആകർഷകമായ പ്രതീക സൃഷ്ടികൾ എന്നിവ ഇതിനെ ആസ്വാദ്യകരമാക്കുന്നു. ഒരു യുദ്ധത്തിന്റെ ദൃക്സാക്ഷിവിവരണമാണിത്. സ്വന്തം അനുഭവം പകർന്ന് തരികയാണ് കവി. യുദ്ധത്തിൽ സജീവമായി പങ്കെടുത്ത് തൂലികയും വാളും മാറി മാറി പ്രയോഗിച്ച ഒരു ഭടൻ കൂടിയായുരുന്നു ഇദ്ദേഹം.[1]

2. *മഖാസിദുന്നികാഹ്*. പദ്യരൂപത്തിലുള്ള ഈ കൃതിയിൽ അമ്പത്തിരണ്ട് അധ്യായങ്ങളിലായി വിഷയത്തിന്റെ നാനാവശങ്ങൾ വിശകലനം ചെയ്തിരിക്കുന്നു. വൈവാഹിക നിയമങ്ങൾ ലംഘിക്കുന്നതിനെതിരെ വിശ്വാസികളെ താക്കീത് ചെയ്യുന്ന ഈ ഗ്രന്ഥത്തിന് ഒരജ്ഞാത പണ്ഡിതൻ ഒരു ശർഹ് (വ്യാഖ്യാനം) രചിച്ചിട്ടുണ്ട്. മൂലഗ്രന്ഥം കായൽ പട്ടണത്തെ ഹബീബ് മുഹമ്മദ് തമിഴിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നു. മൂലത്തോടൊപ്പം പരിഭാഷയും ചേർത്ത് ബോംബെയിലെ ഫത്ഹുൽ കരീം പ്രസ്സിലാണ് അച്ചടിച്ചത്.

3. *അൽ ഖസ്വീദത്തുൽജിഹാദിയ്യഃ*. തദ്ദേശീയരെ അക്രമിക്കുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്ത അധിനിവേശ ശക്തികൾക്കെതിരെ പോരാടാനുള്ള ആഹ്വാനമാണ് ഇത്.

4. *അൽഖുത്വുബത്തുൽ ജിഹാദിയ്യഃ* ഒരു ജുമുഅ പ്രസംഗമാണ്.

ഇനി മുഹ്‌യിദ്ദീൻ മാലയുടെ ഉള്ളടക്കം പരിശോധിക്കാം. ഹി.516ൽ ബഗ്ദാദിൽ അന്തരിച്ച സൂഫിവര്യനായ അബ്ദുൽ ഖാദിർ ജീലാനിയുടെ അപദാനങ്ങളുടെ പ്രകീർത്തനമാണിത്. ശൈഖ് അബ്ദുൽ ഖാദിറിനെ അമാനുഷിക സിദ്ധികളുടെ കലവറയായിട്ടാണ് കവി അവതരിപ്പിക്കുന്നത്.

മാലയിലെ ചില വരികൾ ഉദ്ധരിക്കാം.

"എന്നുടെ ഏകൽ ഉടയോവൻ തന്റേകൽ
ആകെന്ന് ഞാൻ ചൊൽകിൽ ആകും അതെന്നോവർ"

(എന്റെ കൽപന അല്ലാഹുവിന്റെ കൽപനതന്നെയാണ്. ഞാൻ ഒരു വസ്തുവിനോട് ഉണ്ടാവുക എന്ന് കൽപിച്ചാൽ അതുണ്ടാകും.)

*ചത്ത ചകത്തിനെ ജീവൻ ഇടീച്ചോവർ*
*ചാകും കിലശത്തെ നന്നാക്കി വിട്ടോവർ*
*കോഴിടെ മുള്ളോട് കൂകെന്ന് ചൊന്നാരെ*
*കൂശാതെ കൂകിപ്പറപ്പിച്ച് വിട്ടോവർ*

മുഹ്‌യിദ്ദീൻ മാല രചിക്കപ്പെട്ടത് കൊല്ലവർഷം 782 ലാണല്ലോ. അതായത് പതിനാറാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം. സാമ്പത്തിക തകർച്ചയും പറങ്കികളുടെ അധിനിവേശവും നാട്ടുകാരെ വീർപ്പ് മുട്ടിക്കുകയായിരുന്നു. പട്ടിണിയും പരിവട്ടവുമായിക്കഴിഞ്ഞിരുന്ന മുസ്‌ലിം വീടുകളിൽ മുഹ്‌യിദ്ദീൻ മാല പാരായണം ചെയ്യാത്തവർ ചുരുക്കമായിരുന്നു. മുഹ്‌യിദ്ദീൻമാല പാടാനറിയാത്ത പെണ്ണിന് വരനെ കിട്ടാൻ വിഷമമാകുന്നിടത്തോളം പ്രാധാന്യം അന്ന് അതിനുണ്ടായിരുന്നു. തമിഴ്നാട്ടിലും മറ്റും സൂഫിവര്യന്മാരുടെ പ്രവർത്തനം ഊർജ്ജിതപ്പെട്ടത് അക്കാലത്തായി

രുന്നു. അത് കൊണ്ടുകൂടിയാവണം മാലപ്പാട്ടുകളിൽ തമിഴിന്റെ അതിപ്രസരം കാണുന്നത്. തമിഴ് നാട്ടിൽ മുഹ്‌യിദ്ദീൻ ശൈഖിനെക്കുറിച്ച് 140 മാലകളുണ്ടെന്നും അതിൽ 40 എണ്ണം തന്റെ പക്കലുണ്ടന്നും മുഹമ്മദ് മീരാൻ (തേങ്ങാപട്ടണം) പറയുകയുണ്ടായി. മുസ്‌ലിം സമുദായത്തിൽ വിദ്യാഭ്യാസം വർധിക്കുകയും നവോത്ഥാന പ്രസ്ഥാനങ്ങൾ ശക്തിപ്പെടുകയും ചെയ്ത ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം മുതൽ മാല മൗലിദുകളിലുള്ള താൽപര്യവും വിശ്വാസവും ക്ഷയിച്ചുതുടങ്ങി. ഇന്ന് യാഥാസ്ഥിതിക വിഭാഗങ്ങളിൽ പോലും അവക്ക് പഴയ സ്വീകാര്യതയില്ല.

മുഹ്‌യിദ്ദീൻ മാലയിലെ താഴെ കൊടുത്ത വരികൾ കടുത്ത ആക്ഷേപത്തിന് കാരണമായിട്ടുണ്ട്.

*ആഖിറം തന്നാ കൊതിയുള്ള ലോകരെ*
*അവരെ മുരീദായികൊള്ളുവിൻ ഇപ്പലെ*
*വല്ല നിലത്തിന്നും എന്നെ വിളിപ്പോർക്കു*
*വായ് കൂടാതുത്തിരം ചെയ്യും ഞാനെന്നോവർ*

ഇത്തരം ആശയങ്ങൾ അംഗീകരിക്കാൻ ഏക ദൈവവിശ്വാസികളെ ഖുർആൻ ഒരിക്കലും അനുവദിക്കുകയില്ല. ഇസ്‌ലാമിന്റെ അടിത്തറയായ ഏക ദൈവസിദ്ധാന്തത്തിനും പരിശുദ്ധ ഖുർആന്റെ മൗലികസിദ്ധാന്തങ്ങൾക്കും കടകവിരുദ്ധമാണത്.[2]

കവി ഭാവനയുടെ പേരിലായാലും കാവ്യ സൗന്ദര്യത്തിന്റെ പേരിലായാലും പുണ്യാത്മാക്കളെ ദൈവത്തോളം ഉയർത്തി വർണിക്കുന്നത് ശരിയായ രീതിയല്ല. ഖാദി മുഹമ്മദിന്റെ അറബിയിലുള്ള കൃതികൾ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കിയാൽ വസ്തുനിഷ്ഠവും തൗഹീദി ലധിഷ്ഠിതവുമാണ് അദ്ദേഹത്തിന്റെ സമീപനമെന്ന് വ്യക്തമാകും.നെതർലാൻഡിലെ ഹിസ്റ്ററി അക്കാദമിയിലെ പ്രൊഫസറായ മഹ്മൂദ് കൂരിയയുടെ അഭിപ്രായത്തിൽ മുഹമ്മദ് ഖാദിയുടെ *ഫത്ഹുൽ മുബീ*ന്റെ രചനക്ക് പ്രേരണ ഏകിയത് ശൈഖ് സൈനുദ്ദീനിബ്നു അലിയുടെ 'തഹ്‌രീദ് അഹ്‌ലിൻ ഈമാൻ അലാ ജിഹാദി അബദത്തിസ്സുൽബാൻ' എന്ന കൃതിയാണ്.[3] തഹ്‌രീദും ഫത്ഹുൽ മുബീനും ഒരു തവണ പാരായണം ചെയ്താൽ ഈ വസ്തുത ഗ്രഹിക്കാൻ കഴിയും. ഖാദി മുഹമ്മദിന്റെ ഇതര കൃതികൾ ഒരു നിരീക്ഷണത്തിന് വിധേയമാക്കിയാൽ പറയാൻ കഴിയും, മുഹ്‌യിദ്ദീൻ മാല മറ്റാരോ രചിച്ച് ഖാദി മുഹമ്മദിന്റെ പേരിൽ ചേർത്തതാണെന്ന്. ■

### റഫറൻസ്


1. പ്രഫ. മങ്കട അബ്ദുൽ അസീസ്-ഫത്ഹുൽ മുബീന്റെ പരിഭാഷ- അൽഹുദാ ബുക്ക്സ്റ്റാൾ കോഴിക്കോട്-1966-പേജ്-32

2. സി.എൻ അഹ്മദ് മൗലവി- മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം-അൽ ഹുദാ ബുക്ക് സ്റ്റാൾ-കോഴിക്കോട്-1973-പേജ്-155

3. മഹ്മൂദ് കൂരിയ-തഹ്‌രീദു അഹ്‌ലിൻ ഈമാൻ അലാ ജിഹാദി അബദത്തിസ്സുൽബാൻ എന്ന പുസ്തകത്തിന്റെ മുഖവുര-2014



## Matrimonial

മുസ്‌ലിം യുവതി (23/5'4''). BHMS ഹൗസ് സർജൻ. വെളുത്ത നിറം. ദീനീ കുടുംബം. മലപ്പുറം ജില്ല. പ്രഫഷണലുകളായ ദീനീ യുവാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9747990769**
**04924 234467**

മുസ്‌ലിം യുവതി (21/150cm). B.Com + Computer (CPIFA) + PG Diploma in Islamic Economics and Finance (PGDIEF) വിദ്യാർഥിനി. പ്രാസ്ഥാനിക കുടുംബം. കോഴിക്കോട് ജില്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

**Qatar: 00974 77957460. India:9495607310**
**Dubai: 00971557274627**

ജി.ഐ.ഒ പ്രവർത്തക (20/5'4''). വെളുത്ത നിറം. B.Sc രണ്ടാം വർഷം. പ്രസ്ഥാന പ്രവർത്തകരുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു. മലപ്പുറം ജില്ല.

**9846224957**

പ്രസ്ഥാന കുടുംബത്തിലെ യുവതി (25/164cm). ജി.ഐ.ഒ പ്രവർത്തക. AIC, M.Com, BEd. മലപ്പുറം ജില്ല. AIC യോ തത്തുല്യ യോഗ്യതയോ ഉള്ള പ്രസ്ഥാന പ്രവർത്തകരിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9495455175**

മുസ്‌ലിം യുവതി (22/166cm). B.Tech (Computer Science). സൗന്ദര്യം. പ്രസ്ഥാന കുടുംബം. തിരുവനന്തപുരം ജില്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

**9400017902**